**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ചവറ എ ഡി എ കാര്യാലയത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന (നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ) ശ്രീമതി ഷെറിൻ മുള്ളർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ ടിയാൾ സമർപ്പിച്ച പുനഃപരിശോധന ഹർജി നിരസിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.268/2026/AGRI    തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30/08/2025 ലെ ഔദ്യോഗിക അന്വേഷണ റിപ്പോർട്ട്
2. 30/08/2025 ലെ AGRI-EA3/85/2022-AGRI-Part(1) നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. ശ്രീമതി ഷെറിൻ മുള്ളർ സർമപ്പിച്ച 02/09/2025 ലെ മറുപടി
4. സ.ഉ.(സാധാ)നം. 880/2025/കൃഷി തീയതി 08/09/2025
5. 13/11/2025 ൽ ശ്രീമതി ഷെറിൻ മുള്ളർ സമർപ്പിച്ച പുനഃപരിശോധന ഹർജി

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൊല്ലം ജില്ലയിലെ ചവറ എ ഡി എ കാര്യാലയത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന (നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ) ശ്രീമതി ഷെറിൻ മുള്ളർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 11 അനുസരിച്ച്, 1960-ലെ കെ.സി.എസ് (സി.സി.&എ) റൂൾസിലെ , റൂൾ 11(1)(iv)(a) പ്രകാരം സർക്കാർ ഖജനാവിനുണ്ടായ നഷ്ടമായ ₹ 3,08,500/- (മൂന്ന് ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ് രൂപ മാത്രം) ശ്രീമതി ഷെറിൻ മുള്ളറുടെ ശമ്പളത്തിൽ നിന്ന് ഈടാക്കാൻ തീരുമാനിക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവിനെതിരെ പരാമർശം (5) പ്രകാരം സമർപ്പിച്ച പുനഃപരിശോധന ഹർജിയിൽ തന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങളുമായി ബന്ധിപ്പിക്കത്തക്ക തെളിവുകളൊന്നുമില്ലെന്നും അതിനാൽ ഇത് തെളിവില്ലാത്ത കേസാണെന്നും അച്ചടക്ക അതോറിറ്റി ആയിട്ടുള്ള വ്യക്തി തന്നെയാണ് അന്വേഷണം നടത്തിയതെന്നും പ്രസ്തുത അന്വേഷണം കെസിഎസ് (സിസി & എ) നിയമങ്ങളുടെയും സ്വാഭാവിക നീതിയുടെ തത്വങ്ങളുടെയും വ്യക്തമായ ലംഘനമായിരുന്നുവെന്നും ആരോപിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാകാൻ തന്നോട് നിർദ്ദേശിക്കുകയും തന്നിൽ നിന്ന് ഒരു മൊഴി എടുക്കുകയും ചെയ്തുവെന്നും പ്രോസിക്യൂഷൻ സാക്ഷികളിൽ നിന്ന് സമാനമായ കുറ്റപത്രം ലഭിച്ചിട്ടുള്ളതാണെന്നും എന്നാൽ അവരിൽ ആരെയും തന്റെ സാന്നിധ്യത്തിൽ വിസ്തരിച്ചിട്ടില്ലെന്നും അന്വേഷണത്തിനിടെ അവരുടെ മൊഴികളുടെ പകർപ്പ് തനിക്ക് നൽകിയിട്ടില്ലെന്നും ആ രേഖകൾ അന്വേഷണ റിപ്പോർട്ടിനൊപ്പം മാത്രമാണ് തനിക്ക് നൽകിയതെന്നും സാക്ഷികളെ ക്രോസ് വിസ്താരം ചെയ്യാൻ തനിക്ക് അവസരം നൽകിയില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ പ്രത്യേക വിജിലൻസ് സെല്ലിന്റെ റിപ്പോർട്ടിനെ ആശ്രയിച്ചുവെന്നും ഇക്കോഷോപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തനിക്ക് 5.3,08,500/- രൂപ പണമായി ലഭിച്ചതായി അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെന്നും, എന്നാൽ അന്വേഷണത്തിൽ ഇക്കോഷോപ്പിന്റെ ഒരു ഭാരവാഹിയെയും പരിശോധിച്ചിട്ടില്ലെന്നും 1,96,000/- രൂപയുടെ വ്യാജ രസീത് താൻ നൽകിയതായും എന്നാൽ പ്രസ്തുത രസീത് തന്റെ സാന്നിധ്യത്തിൽ ഹാജരാക്കിയില്ലെന്നും അതിനാൽ തന്റെ നിരപരാധിത്വം തെളിയിക്കാൻ അവസരം നൽകിയില്ലെന്നും മാത്രമല്ല, ഈ കേസിൽ സർക്കാരിന് ധനനഷ്ടം സംഭവിച്ചിട്ടില്ലെന്നും ഇക്കോഷോപ്പ് അധികൃതരിൽ നിന്ന് തനിക്ക് 3,08,500/- രൂപ ലഭിച്ചതായി തെളിയിക്കാൻ ശക്തമായ തെളിവുകളൊന്നുമില്ലെന്നും നഴ്സറിയിൽ നിന്ന് പച്ചക്കറി തൈകൾ വാങ്ങുന്നതിനുള്ള തുക അവർ തേവലക്കര കൃഷിഭവനാണ് നൽകിയതെന്നും മുഴുവൻ തൈകളും കൃഷിഭവൻ തേവലക്കരയ്ക്ക് വിതരണം ചെയ്തുവെന്നും **distribution Statement** കൃഷിഭവൻ തേവലക്കരയിലാണ് ഉള്ളതെന്നും തൈകളുടെ എണ്ണത്തെക്കുറിച്ചോ ഗുണനിലവാരത്തെക്കുറിച്ചോ ഇതുവരെ ഒരു ഏജൻസിയും പരാതി നൽകിയിട്ടില്ലെന്നും പച്ചക്കറി തൈകൾ വാങ്ങുന്നതിനായി ഇക്കോഷോപ്പ് അധികാരികൾ ഏതെങ്കിലും ഏജൻസിക്ക് 3,08,500/- രൂപ നൽകുമ്പോൾ, അതിൽ താൻ 1,96,000/- രൂപയുടെ വ്യാജ രസീത് നൽകിയെന്നുള്ളത് അസംബന്ധമാണെന്നും നൽകിയ തുകയുടെ രസീത് അവർ തന്നെയാണ് സൂക്ഷിക്കേണ്ടതെന്നും തേവലക്കര ഇക്കോഷോപ്പിന്റെ രേഖകളുടെ അനുചിതമായ പരിപാലനത്തിന് താൻ ഉത്തരവാദിയല്ലെന്നും അതിനാൽ പരാമർശം (4) സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് തനിക്കെതിരെ ചുമത്തിയ എല്ലാ കുറ്റങ്ങളിൽ നിന്നും തന്നെ കുറ്റവിമുക്തയാക്കണമെന്നും ശ്രീമതി ഷെറിൻ മുള്ളർ പുനഃപരിശോധന ഹർജിയിൽ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960-ലെ കെ.സി.എസ്.

(സി.സി.&എ.) റൂൾസിലെ റൂൾ 15 പ്രകാരം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടത്തിയ പരാമർശം (1) അന്വേഷണ റിപ്പോർട്ട് ഉള്ളടക്കം ചെയ്തു കൊണ്ട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന (നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ) ശ്രീമതി ഷെറിൻ മുള്ളർക്ക് പരാമർശം (2) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൾ നൽകിയ പരാമർശം (3) മറുപടിയിൽ ഉന്നയിച്ച വാദഗതികൾ തന്നെയാണ് പരാമർശം (5) ലെ പുനഃപരിശോധന ഹർജിയിലും ഉന്നയിച്ചിരിക്കുന്നത്. അന്വേഷണത്തിൽ ഹാജരായ സാക്ഷികളുടെ മൊഴികളും , സമർപ്പിച്ച രേഖകളും പരിശോധിച്ചതിൽ തീയതി രേഖപ്പെടുത്താത്ത 196000/- രൂപയുടെ രസീത് തേവലക്കര ഇക്കോഷോപ്പിന് പച്ചക്കറി തൈകളുടെ വിതരണത്തിനായി നൽകുകയും ശ്രീമതി ഷെറിൻ മുള്ളർ PFMS മുഖാന്തിരം ഫണ്ട് റിലീസ് ചെയ്തതായും കണ്ടെത്തിയതിന്റെയടിസ്ഥാനത്തിലാണ് ടി തുക ടിയാളുടെ ബാധ്യതയായി നിശ്ചയിച്ച് നൽകിയത്.പരാതിക്കാരിയും പ്രോസിക്യൂഷൻ സാക്ഷികളും അന്വേഷണത്തിൽ ഹാജരായി സമർപ്പിച്ച വാദഗതികൾ പരിശോധിച്ചതിന് ശേഷമാണ് അന്വേഷണ ഉദ്യോഗസ്ഥൻ ഇത്തരത്തിലൊരു നിഗമനത്തിലെത്തിയത്.ഈ വിവരങ്ങൾ ടിയാൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അന്വേഷണ റിപ്പോർട്ടിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീമതി ഷെറിൻ മുള്ളർ കാരണം കാണിക്കൽ നോട്ടീസിന് നൽകിയ പരാമർശം (3) മറുപടി വിശദമായി പരിശോധിച്ചതിന് ശേഷമാണ് അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് പരാമർശം (4) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ മേൽ വാദഗതികൾ ഉന്നയിച്ചുകൊണ്ട് ശ്രീമതി ഷെറിൻ മുള്ളർ സമർപ്പിച്ച പുനഃപരിശോധന ഹർജി വസ്തുതാപരമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം
ശ്രീമതി ഷെറിൻ മുള്ളർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA3/85/2022-AGRI-Part(1))**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 11-03-2026 16:42:24

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.